ജലവിഭവ വകുപ്പ്
കേരള സർക്കാർ

ജലനിധി

# ജലതരംഗം

## വാർത്താപത്രിക

ആഗസ്റ്റ് 2017
ലക്കം 1 പുസ്തകം 4

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി) RPMU, കണ്ണൂർ

## മുഖക്കുറിപ്പ്



ഹൈദർ ആലി ടി. പി.
റീജിയണൽ പ്രോജക്ട് ഡയറക്ടർ
കണ്ണൂർ

ജലനിധി കണ്ണൂർ മേഖലതല പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്ക് കുതിക്കുകയാണ്. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മറ്റുപദ്ധതികൾക്കു കൂടി ഉത്തേജകമാകുകയാണ് നമ്മുടെ പദ്ധതികൾ. കർമ്മനിരതമായ ഒരു കൂട്ടായ്മ ഗ്രാമീണ കുടിവെള്ള ശുചത്വ മേഖലകളിൽ ഉയർത്തി കൊണ്ടുവരുന്നതിന് ജലനിധി പ്രവർത്തനങ്ങളിലൂടെ സാധ്യമായിട്ടുണ്ട് എന്നത് നിസ്തർക്കമാണ്. കണ്ണൂർ മേഖലയിലുള്ള 76 പദ്ധതികൾ ഇതിനകം തന്നെ 24 മണിക്കൂറും കുടിവെള്ളം പ്രദാനം ചെയ്യുന്ന പദ്ധതികളാക്കി മാറ്റാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 'കുടിവെള്ളം ഇനി എന്നും എപ്പോഴും' എന്ന ലക്ഷ്യവുമായി വയനാട് ജില്ലയിൽ സംഘടിപ്പിച്ച ശില്പശാല ആവേശകരമായ അനുഭവമായി മാറിയിരുന്നു. ഇതിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് മറ്റു മേഖലകളിലേക്കും ഇത് പ്രാവർത്തികമാക്കാൻ ജലനിധി തീരുമാനമെടുത്തിട്ടുണ്ട്. ഗ്രമീണ മേഖലയിലെ ആദിവാസി സമൂഹത്തിനുൾപ്പെടെ മുഴുവൻ സമയവും കുടിവെള്ളം ലഭ്യമക്കുന്നതും അത് പൂർണ്ണമായും ജനകീയ സമിതികൾ തന്നെ നിയന്ത്രിക്കുന്നതും ഒരു പക്ഷെ ജലവിതരണ ചരിത്രത്തിൽ തന്നെ ആദ്യമായിട്ടായിരിക്കും. നമുക്കൊരുമിച്ച് ഇതിന്റെ പൂർണതയിലേക്ക് മുന്നേറാം.

## നിലപാട്

# വയനാട് വീണ്ടെടുപ്പിന്റെ പാതയിൽ



എസ്.സുഹാസ് IAS
ജില്ലാ കളക്ടർ, വയനാട്

ജലം സംസ്കാരങ്ങളുടെ മാതൃസ്ഥാനത്ത് നിൽക്കുന്ന പ്രമുഖ പ്രകൃതി വിഭവമാണ്. ജലസ്രോതസ്സുകളുടെ പരിസരങ്ങളിലാണ് പുരാതന സംസ്കാരങ്ങൾ പുഷ്ടിപ്പെട്ടത്. പ്രാചീനകാലം മുതലേ ജലസ്രോതസ്സുകൾ മനുഷ്യന്റെ ആവാസത്തെയും സംസ്കാര രൂപീകരണത്തെയും സ്വാധീനിച്ചിരുന്നു. ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം ഓരോ പൗരന്റേയും അവകാശമാണ്. ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശമായ ജീവിക്കാനുള്ള അവകാശം അർത്ഥവത്താകാൻ ശുദ്ധജലത്തിന്റെ ലഭ്യതയും ഉണ്ടാവേണ്ടതുണ്ട്. സർക്കാർ ഈ മേഖലയിൽ ക്രിയാത്മകങ്ങളായ ഇടപെടലുകളും നടപടികളുമാണ് കൈക്കൊള്ളുന്നത്.

ശേഷം 2-ാം പേജിൽ

## സന്ദേശം



എ.ആർ.അജയകുമാർ IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ കേരളത്തിലുടനീളം വിവിധ ഗ്രാമപഞ്ചായത്തുകളിൽ അവസാന ഘട്ടത്തിലൂടെ നടന്നുവരികയാണ്. ശുദ്ധജല വിതരണരംഗത്ത് ജനപങ്കാളിത്തത്തിലൂടെ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരുവാനും കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിലേക്ക് കുടിവെള്ള ശുചിത്വ പരിപാലന സംവിധാനങ്ങൾ എത്തിക്കുന്നതിലൂടെ ഗ്രാമീണ ജനവിഭാഗങ്ങളുടെ കുടിവെള്ള ശുചിത്വ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും ഈ പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ തുടർനടത്തിപ്പും പരിപാലനവും ഗുണഭോക്തൃസമിതികൾ തന്നെ നേരിട്ട് ഏറ്റെടുത്ത് വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നു എന്നത് ജലനിധിയുടെ മാത്രം സവിശേഷതയാണ്. ആവശ്യാധിഷ്ഠിതമായി കുടിവെള്ള ശുചിത്വപ്രശ്നങ്ങൾ സമഗ്രമായി ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ അവരുടെ ഉടമസ്ഥതയിൽ പരിഹരിക്കുവാൻ ജലനിധിയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കെ.ആർ.ഡബ്ല്യൂ.എസ്.എയുടെ നിരന്തരമായ പ്രയത്നത്തിന്റെ ഭാഗമായി പദ്ധതി പൂർത്തീകരണ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തും സഹായ സംഘടനകളും, സർവ്വോപരി ഗുണഭോക്തൃ സമിതികളും ഒരു മനസ്സോടെ പ്രവർത്തിച്ച് ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 24 മണിക്കൂറും ശുദ്ധജലലഭ്യതയുള്ള പദ്ധതികളാക്കി ജലനിധിയെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ മുന്നേറുകയാണ്. വിവിധ ജില്ലകളിലായി 186 ചെറുതും വലുതുമായ പദ്ധതികൾ ഇതിനകം തന്നെ ഈ നേട്ടം കൈവരിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയും കുടിവെള്ള ശുചിത്വ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള ജലനിധി, കുടിവെള്ള പദ്ധതികളുടെ സുസ്ഥിരതകൂടി ഉറപ്പു വരുത്തുന്നു. ഗുണഭോക്തൃസമിതി, സഹായസംഘടന, ഗ്രാമപഞ്ചായത്ത് എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് ജലനിധി പദ്ധതികളുടെ വിജയത്തിന്റെ അടിത്തറ. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് എല്ലാ പദ്ധതിപങ്കാളികളിൽ നിന്നും പൂർണ്ണസഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

*തുടർച്ച....*

കുടിവെള്ള വിതരണ രംഗത്ത് ജലനിധിയുടെ പ്രവർത്തനങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു. വയനാട് ജില്ലയിൽ എല്ലാവർക്കും കുടിവെള്ള ലഭ്യത ഉറപ്പു വരുത്താനുള്ള നടപടികൾ മികച്ച ലക്ഷ്യബോധത്തോടെ മുന്നേറുകയാണ്. സമുദ്രനിരപ്പിൽ നിന്നും 2100 മുതൽ 6200 അടി വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന വയനാടിന്റെ മലകളിലും മഴക്കാടുകളിലും കുന്നുകളിലും ചതുപ്പിലും പാടങ്ങളിലും ശേഖരിക്കപ്പെടുന്ന ജലമാണ് വയനാടിന്റെ നിലവിലെയും ഭാവിയിലെയും ജലത്തിന്റെ ആവശ്യകത നിറവേറ്റാൻ സഹായിക്കുക. ഓരോ പുരയിടത്തിലും പെയ്തു വീഴുന്ന മഴവെള്ളം ആ പുരയിടത്തിൽ തന്നെ മണ്ണിലേക്ക് ഇറക്കാൻ കഴിയണം. എങ്കിലേ വരും നാളുകളിൽ വയനാടിന്റെ മണ്ണും മനസ്സും വരണ്ട് പോകാതെ കാക്കാനാവൂ. ഈ ലക്ഷ്യം മുൻനിർത്തി നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. അവയുടെ ക്രിയാത്മകവും സുതാര്യവുമായ നടത്തിപ്പിലൂടെ വയനാടിന്റെ ജലസുഭദ്രത ഉറപ്പു വരുത്താം.

ഇതോടൊപ്പം തന്നെ ആരോഗ്യപരിപാലനത്തിലും ശുചിത്വത്തിലും അതിയായ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ക്രിയാത്മകമായ പദ്ധതികളിലൂടെ പരിസര ശുചിത്വത്തിന്റെ ഉദാത്തമാതൃകയായി വയനാടിനെ മാറ്റാനുള്ള പ്രയത്നത്തിലാണ് ജില്ലാഭരണകൂടം. സർക്കാറിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പിന്തുണ ഈ സംരംഭത്തിനുണ്ട്. പൊതുസമൂഹവും മികച്ച സഹകരണ വാഗ്ദാനം ചെയ്തിട്ടുണ്ട്. ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ തനത് മികവിലൂടെ ശുചിത്വ പാലനത്തിന്റെ മഹത്തായ മാതൃകകൾ തീർക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷനിലൂടെ വെളിയിട വിസർജ്ജന വിമുക്തമായ വയനാട് എന്ന നേട്ടം കൈവരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ പ്രശംസനീയമാണ്. ജില്ലയിൽ നിർമ്മിച്ച ശുചിത്വമുറികളുടെ 60% ജലനിധിയുടെ നേതൃത്വത്തിലാണ് പൂർത്തീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ ഏറ്റവും ഉദാത്തമായ പദ്ധതികളിലൊന്നായ ഹരിതകേരളം മിഷന്റെ കീഴിലുള്ള പ്രവർത്തനങ്ങളാണ് ജില്ലയിൽ നടന്നുവരുന്നത്. ജലസ്രോതസ്സുകൾ മാലിന്യരഹിതമാക്കുക, മാലിന്യത്തിന്റെ പരമാവധി ഉറവിട സംസ്ക്കരണം ഉറപ്പാക്കുക, കൃത്യമായ ഇടവേളകളിൽ ബഹുജനപങ്കാളിത്തത്തോടെ പരിസര ശുചീകരണ യത്നങ്ങൾ നടത്തുക മുതലായ പ്രവർത്തനങ്ങൾ ഹരിത മിഷന്റെ ഭാഗമായി ജില്ലയിൽ നടക്കുന്നു.

ശുചിത്വവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി ജില്ലാ ഭരണകൂടം തയ്യാറാക്കി നടപ്പാക്കുന്ന മൂന്ന് പദ്ധതികൾ പ്രത്യേക പരാമർശം അർഹിക്കുന്നു. വിദ്യാർത്ഥികളിൽ ശുചിത്വബോധം വളർത്തിയെടുക്കുവാൻ ഉതകുന്ന ഒരു പ്രത്യേക പദ്ധതി ജില്ലാ ഭരണകൂടം വിഭാവനം ചെയ്ത് നടപ്പിലാക്കാനിരിക്കുകയാണ്. കൊച്ചി കപ്പൽശാലയുടെ സാമ്പത്തിക സഹായത്തോടെ എൻ.ജി.ഒ യുടെ സഹകരണത്തോടെ തെരഞ്ഞെടുത്ത് വിദ്യാലയങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി ആകർഷകമായ രീതിയിൽ ശുചിത്വ പാഠങ്ങൾപകരാനായി പ്രത്യേകം തയ്യാറാക്കിയ ശുചിത്വ ഉദ്ബോധന പഠന സാമഗ്രികൾ വിതരണം ചെയ്യും. ഈ ഉദ്യമത്തിലൂടെ മികച്ച ഫലമാണ് പ്രതീക്ഷിക്കുന്നത്.

ജില്ലയിലെ ആരോഗ്യ പരിപാലന രംഗത്ത് മറ്റൊരു വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുന്ന രോഗനിർണ്ണയ രംഗത്ത് നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഷുഗർ, യൂറിക് ആസിഡ്, ഡെങ്കുപ്പനി, എച്ച്.ഐ.വി, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ 19 ആരോഗ്യ സൂചകങ്ങളും രോഗ സൂചകങ്ങളും തീർത്തും ലളിതമായ നടപടികളിലൂടെ തത്സമയം നിർണ്ണയിച്ച് ഫലം വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സംഭരിക്കുന്ന നൂതന ഉപകരണമായ ഹെൽത്ത് ക്യൂബ് വയനാട് ജില്ലയിൽ ലഭ്യമാക്കുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിലൂടെ ലഭ്യമാക്കുന്ന പോർട്ടബിൾ യൂണിറ്റുകൾ ആധുനിക രോഗനിർണ്ണയം വിദൂര-വന ഗ്രാമ മേഖലകളിലേക്ക് എത്തിക്കാൻ സഹായിക്കും. ഇതിലൂടെ മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ഉറപ്പാക്കാൻ ഈ പദ്ധതിക്ക് കഴിയും.



പരിസരശുചീകരണ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളിയാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇത് നേരിടാനുള്ള ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. പ്ലാസ്റ്റിക് ഫ്ളെക്സുകളുടെ ഉപയോഗത്തിന് നിയന്ത്രണമേർപ്പെടുത്തുന്ന സേഫ് വയനാട് മിഷൻ അന്തിമ രൂപരേഖ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കും. ഇതിന്റെ ഭാഗമായി ഈ വർഷം ജില്ലയിലെ കർക്കിടകവാവുബലി ദിവസം ഏറെ മികച്ച പ്രവർത്തനമാണ് നടന്നത്. വാവുബലിക്കായി ഏറ്റവുമധികം ഭക്തർ എത്തുന്ന തിരുനെല്ലി, പൊൻകുഴി ക്ഷേത്രങ്ങളിൽ വാവുബലി ദിവസം സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തി. പ്ലാസ്റ്റിക് കവറുകൾക്ക് പകരം തുണിസഞ്ചികളും കവറുകളും വിതരണം ചെയ്തു. ഒറ്റത്തവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക് പ്ലേറ്റുകളും കപ്പുകളും പൂർണ്ണമായി ഒഴിവാക്കി പകരം, പുനരുപയോഗം സാധ്യമാവുന്ന പാത്രങ്ങൾ മാത്രം ഉപയോഗിച്ചു. തിരുനെല്ലി ദേവസ്വം ക്ഷേത്രത്തിൽ നിന്ന് പ്രസാദം വിതരണം ചെയ്തിരുന്നു പ്ലാസ്റ്റിക് കണ്ടെയ്നറുകൾക്ക് പകരം പൂർണ്ണമായും പരിസ്ഥിതി സൗഹൃദ കണ്ടെയ്നറുകൾ ഉപയോഗിച്ചു. ഹരിത പ്രോട്ടോക്കോൾ മികച്ച രീതിയിൽ നടപ്പാക്കിയതിലൂടെ മലിനീകരണം തടയാനായി. ജില്ലയിലെ പൊതുസമൂഹത്തിന്റെ പിന്തുണയോടെ വരും നാളുകളിലും ഈ രീതി തുടരുവാൻ നടപടികൈക്കൊള്ളും.

മികച്ച പരിസര ശുചിത്വത്തിലൂടെ മികവുറ്റ ആരോഗ്യ സ്ഥിതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ മുന്നേറുന്നത്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ബഹുജനപങ്കാളിത്തത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ക്രിയാത്മകമായ ഇടപെടലുകളാണ് ജില്ലാ ഭരണകൂടം നടത്തുന്നത്. സാമൂഹ്യ ആരോഗ്യപരിപാലനം ഓരോ വ്യക്തിയുടേയും നിർബന്ധകടമയാണെന്ന ബോധം ഊട്ടിയുറപ്പിക്കുകയും അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നതിലൂടെ മാലിന്യ നിർമ്മാർജ്ജനവും ശുചിത്വവും മികച്ച ആരോഗ്യ സ്ഥിതിയും കൈവരിക്കാനാവും. ●

## അഭിനന്ദനങ്ങൾ


**1ST RANK HOLDER**



**അഖില ബി. നായർ**

MSc (Animal Science)
Central University, Kasaragod

കണ്ണൂർ RPMU അക്കൗണ്ടന്റ്
ശ്രീമതി ലൈല സി.ടി. .യുടെ മകളാണ്.



**ജോർജ്ജ് മാത്യു**
മാനേജർ, കമ്മ്യൂണിറ്റി ഡവലപ്മെന്റ്
ആർ.പി.എം.യു., കണ്ണൂർ





# വാട്ടർ ഓഡിറ്റ്
## – പദ്ധതിയുടെ സുസ്ഥിരതക്ക്

**സാ**മൂഹ്യ ശുദ്ധജല വിതരണ പദ്ധതിയായ ജലനിധി പദ്ധതിയിൽ നമുക്ക് പരിചയമുള്ള ഓഡിറ്റുകളാണ് സാമ്പത്തിക ഓഡിറ്റ്, ടെക്നിക്കൽ ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ് എന്നിവ .ഇതിൽ സാമ്പത്തിക ഓഡിറ്റിൽ ഒരു പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വരവുകളും ,ചിലവു കളും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. ടെക്നിക്കൽ ഓഡിറ്റിൽ സാങ്കേതികാനുമതി ലഭ്യമാക്കിയ എസ്റ്റിമേറ്റിന് അനുസൃതമായി സൃഷ്ടിക്കപ്പെട്ട ആസ്തികളും അതിനുവേണ്ടി ചിലവഴിച്ച തുകയും പരിശോധിക്കപ്പെടുന്നു. സോഷ്യൽ ഓഡിറ്റിൽ ഗുണഭോക്തൃ സമൂഹം അവർക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതിയും അതിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ആസ്തിയും അതിനു ചിലവഴിച്ച തുകയും അതുവഴി ഉണ്ടായ നേട്ടങ്ങളും കോട്ടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. മുകളിൽ പരാമർശിച്ച മൂന്ന് ഓഡിറ്റുകളും പദ്ധതിയുടെ നിർവ്വഹണ കാല ഘട്ടത്തിൽ നടത്തുന്നവയാണ്.

കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ്, പരിപാലന കാലഘട്ടത്തിൽ നടത്തുന്ന ഓഡിറ്റാണ് 'വാട്ടർ ഓഡിറ്റ്" പ്രസ്തുത പേരിൽനിന്നു തന്നെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും വെള്ളവുമായിബന്ധപ്പെട്ട പരിശോധനയാണെന്ന്.'വാട്ടർ ഓഡിറ്റ്' എന്നത് കൊണ്ട് വിവക്ഷിക്കുന്നത് ഒരു കുടിവെള്ള പദ്ധതിയിൽ ഉദ്പാദിപ്പിക്കുന്ന അല്ലെങ്കിൽ പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ അളവും വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവും പരിശോധനയ്ക്ക് വിധേയമാക്കുന്നതിനെ 'വാട്ടർ ഓഡിറ്റ് " എന്ന് പറയും. പമ്പ് ചെയ്യുന്ന വെള്ളത്തിന്റെ അളവും വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവും തമ്മിൽ അന്തരം ഉണ്ടെങ്കിൽ അത് ജല നഷ്ടത്തിനും സമിതിക്ക് സാമ്പത്തിക ബാധ്യതക്കും ഇടവരുത്തുന്നതാണ്. വാട്ടർ ഓഡിറ്റ് വഴി കണ്ടെത്തുന്ന ജല ശോഷണം പ്രധാനമായും മൂന്ന് മാർഗ്ഗങ്ങൾ വഴിയാകാനാണ് സാധ്യത. ഒന്നാമതായി വിതരണ ശൃംഖലയിലുണ്ടാകുന്ന തകരാറുകൾ, ലീക്കുകൾ വഴി

വെള്ളത്തിന്റെ അളവ് സമിതിയുടെ പമ്പ് ഓപ്പറേറ്റർ എഴുതി സൂക്ഷിക്കുന്ന ലോഗ് ബുക്കിൽ നിന്ന് കണ്ടെത്തുവാൻ സാധിക്കും. പ്രതിദിനം പമ്പിംഗ് ആരംഭിക്കുന്നതിനു മുൻപും ശേഷവുമുള്ള സമയവും ആകെ പമ്പ് ചെയ്ത സമയവും ലോഗ് ബുക്കിൽ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പമ്പിംഗിനു വേണ്ടി ഉപയോഗിച്ച പമ്പ് സെറ്റിന്റെ ഡിസ്ചാർജജ് കണക്കാക്കി ആകെ പമ്പ് ചെയ്ത വെള്ളത്തിന്റെ അളവ് കണ്ടെത്താ വുന്നതാണ്. പ്രതിമാസം വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് നമുക്ക് ഓരോ ഗുണഭോക്താ ക്കളുടെയും വീടുകളിലെ വാട്ടർമീറ്റർറീഡിംഗ് എടുത്ത് തയ്യാറാക്കുന്ന ഡിമാന്റ് നോട്ടീസ് വഴി എഴുതി സൂക്ഷിക്കുന്ന വെള്ളക്കരം രജിസ്റ്റർ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ ആകെ പ്രസ്തുത പദ്ധതിയിൽ പ്രതിമാസം വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് ലഭ്യമാകുന്നു.

പമ്പ് ചെയ്ത വെള്ളത്തിന്റെ അളവും വിതരണം ചെയ്ത വെള്ളത്തിന്റെ അളവും ലഭ്യമായാൽ അവിടെ അന്തരം ഉണ്ടെങ്കിൽ ജലശോഷണം നടക്കുന്നുണ്ടെന്നും അതുവഴി സമിതിക്ക് സാമ്പ ത്തിക നഷ്ടം/ബാധ്യത വരുത്തുന്നുണ്ടെന്നും കണ്ടെത്തുവാൻ സാധിക്കുന്നു. ജല നഷ്ടം സംഭവിക്കുന്നത് വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന ലീക്കുകൾ, കേടുപാടുകൾ വഴിയാണെങ്കിൽ അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടതാണ്. അനധികൃത കണക്ഷനുകളും, മീറ്ററിൽ രേഖപ്പെടു ത്താതെയുള്ള ജല മോഷണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികളിൽ വാട്ടർ ഓഡിറ്റ് നടത്തുന്നത് വഴി പദ്ധതികളുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുവാനും, ഗുണനിലവാരമുള്ള വെള്ളം വിതരണം ചെയ്യുവാനും സാധിക്കുന്നു. വാട്ടർ ഓഡിറ്റ് വഴി ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ട് തുടർനടത്തിപ്പും പരിപാലന നിയമങ്ങളിൽ ഭേദഗതികൾ കൈകൊള്ളുവാൻ സമിതിക്ക് സാധിക്കുന്നതാണ്. ഭുജല പരി പോഷണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത പരിഹരിക്കുവാനും എല്ലാറ്റിലും ഉപരിയായി ഗുണ ഭോക്തൃ സമൂഹത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുവാനും വാട്ടർ ഓഡിറ്റ് വഴി സാധിക്കുന്നതാണ്.

മന്ത്രം ജപിക്കുന്ന നാവുകളേക്കാൾ അധ്വാനിക്കുന്ന കൈകളേയാണ് ഞാനിഷ്ടപ്പെടുന്നത്.

വിശക്കുന്നവന് അന്നമേകാത്ത മതങ്ങളിലോ, ദൈവങ്ങളിലോ എനിക്ക് വിശ്വാസമില്ല.

ബുദ്ധിശൂന്യന്റെ ഏറ്റവും വലിയ ആയുധമാണ് വർഗ്ഗീയത





# ഉദ്ഘാടനത്തിന് ഒരുങ്ങി കോട്ടത്തറ ജലനിധി പദ്ധതി





**വി.ഡി. രാജു**
സിറ്റിസൺ ജേണലിസ്റ്റ്

വയനാട് ജില്ലയിലെ കോട്ടത്തറ പഞ്ചായത്തിലെ 13 വാർഡിലും ശുദ്ധജല വിതരണത്തിന് രൂപം കൊടുത്ത പദ്ധതിയുടെ സവിശേഷമായി എടുത്തു പറയാവുന്നത് ഏറ്റവും കൂടുതൽ ഗുണഭോക്താക്കൾ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് എന്നുള്ളതാണ് 644 പേർ!!. ജനറൽ വിഭാഗത്തിൽ 489, 32 പേർ പട്ടികജാതിവിഭാഗത്തിലും ഉൾപ്പെടെ ഇതിൽ 1165 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. 1165 കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുവാൻ 120 കി.മീ ദൂരത്തിൽ വിതരണ ശൃംഖല വ്യാപിച്ചു കിടക്കുന്നു. പദ്ധതിക്കായി 2 ജലസംഭരണികളും ഒരു കിണറും പൂർത്തീകരിക്കുകയും 2 പ്രഷർ ഫിൽട്ടർ സംവിധാനം സ്ഥാപിച്ച് ജലവിതരണത്തിന് തയ്യാറായി 1.75 ലക്ഷം ലിറ്റർ വെള്ളം ശേഖരിക്കുവാൻ സാധിക്കുന്ന പൂളക്കൊല്ലി ടാങ്കിന്റെയും, 75000 ലിറ്റർ വെള്ളം ശേഖരിക്കാൻ സാധിക്കുന്ന മാടക്കുന്ന് ടാങ്കിന്റെയും നിർമ്മാണം പൂർത്തീകരിച്ചു.

ബൃഹത്ത് കുടിവെള്ളപദ്ധതിയും, ചെറുകിട ശുദ്ധജലവിതരണപദ്ധതികളും പരാതിക്ക് ഇടം നല്കാതെ പൂർത്തീകരിക്കാൻ കഴിഞ്ഞത്കൊണ്ട് കോട്ടത്തറയിലെ മുഴുവൻ ജനങ്ങളും സന്തുഷ്ടരാണ്.

പദ്ധതി നിർവ്വഹണത്തിന് വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഗുണഭോക്തൃസമിതികൾ നേരിട്ട് ഇടപെടുകയും ഇടപെടാൻ ആവശ്യമായ സാഹചര്യങ്ങൾ സഹായസംഘടനയും നിർവ്വാഹണ ഉദ്യോഗസ്ഥരും യഥേഷ്ഠം നൽകിയത്മൂലം, പദ്ധതിക്ക് ശക്തമായ ജനകീയ അടിത്തറ ലഭിക്കാൻ കാരണമായി. ആരോപണങ്ങൾ ഇല്ലാതെ ഗുണനിലവാരമുള്ള സാധനങ്ങൾ ഉപയോഗിക്കുവാൻ ജലനിധിക്ക് കഴിഞ്ഞു.

തുടക്കത്തിൽ ബൃഹത്തായ ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് പല സംശയങ്ങളും ആവലാതികളും ഉണ്ടായിരുന്നുവെങ്കിലും ബോധവത്ക്കരണ പരിപാടികളിൽക്കൂടി മുഴുവൻ സംശയവും പരിഹരിക്കാനും തുടർന്ന് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെ അഭിനന്ദനവും പ്രോത്സാഹനവും നേടാൻ കഴിഞ്ഞതും പദ്ധതിയുടെ നേട്ടവും പ്രത്യേകതയുമാണ്.

വിവിധ നിർവ്വഹണഘട്ടങ്ങളിൽ ലോക ബാങ്ക് പ്രതിനിധികളും, ജലനിധിയുടെ ഉയർന്ന ഉദ്യോഗസ്ഥരും സന്ദർശനം നടത്തുകയും നിർദ്ദേശങ്ങൾ നല്കുകയും പ്രവർത്തനങ്ങളിൽ മതിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരത്തുനിന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. അജയകുമാർ സാർ പദ്ധതി സന്ദർശിക്കുകയും കമ്മീഷൻ നടത്താൻ ഒരുക്കങ്ങൾ ചെയ്യാൻ വേണ്ട നിർദ്ദേശം നല്കുകയും ചെയ്തു.

26 സമിതികൾ അടങ്ങുന്ന SLEC പദ്ധതി ഏറ്റെടുത്ത് സ്വന്തമായി നിർവ്വഹണം നടത്തുന്നതിനും തുടർപ്രവർത്തനത്തിനും വേണ്ടുന്ന പരിശീലനങ്ങൾ നേടി സജ്ജമായിക്കഴിഞ്ഞു.

24 മണിക്കൂറും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്ക് കുതിക്കുകയാണ് പദ്ധതി. ഗ്രാമപഞ്ചായത്ത്, സഹായസംഘടന, GPST, SLEC തുടങ്ങിയവയുടെ ഒരുമയോടെയുള്ള പ്രവർത്തനമാണ്.

കോട്ടത്തറ ജലനിധിപദ്ധതിയുടെ വിജയത്തിനു പിന്നിൽ എന്ന് നിസ്സംശയം പറയാം.

## PHOTOS







ഓണാഘോഷം: ആർ.പി.എം.യു കണ്ണൂർ, കാസർഗോഡ്, വയനാട്



പഞ്ചാബ് ടീമിന്റെ വയനാട് സന്ദർശനം



രയരോം വി.സി.ബി. ആലക്കോട്



ജില്ലാതല ശില്പശാല വയനാട്



# "കുടിവെള്ളം ഇനി എന്നും എപ്പോഴും"



**എ. യോഹന്നാൻ**
ട്രൈബൽ ഡവലപ്മെന്റ് സ്പെഷലിസ്റ്റ്
& ഐ.ഇ.സി (ഇൻചാർജ്ജ്)

കൊടും വരൾച്ച സംസ്ഥാനത്തെ കുടിവെള്ള മേഖലയെ പിടിച്ചുലയ്ക്കുകയാണ്. വറ്റിവരണ്ട സ്രോതസ്സുകൾ, താറുമാറായ വിതരണ സംവിധാനങ്ങൾ എല്ലാം അല്പം കരുതലും ശാസ്ത്രീയമായ ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ തരണം ചെയ്യാവുന്ന കാര്യങ്ങൾ മാത്രം. ഉപഭോക്താവിന് എല്ലാദിവസവും 24 മണിക്കൂറും കുടിവെള്ളം ലഭ്യമാകുമ്പോഴാണ് ആ പദ്ധതി സാർത്ഥകമാവുക. ജലനിധി നടപ്പാക്കിയ പദ്ധതികൾ ഈ തരത്തിലേക്ക് മാറ്റുന്നതിന് വളരെ ചെറിയ ഇടപെടലുകൾ മാത്രം മതിയാകും. നമ്മുടെ ഗുണഭോക്തൃസമിതികളെ ഇതിന് സജ്ജമാക്കുക എന്നതാണ് പ്രധാനം. ആവശ്യത്തിന് മാത്രം ജലം എടുക്കുന്ന ശീലത്തിലേക്ക് നമ്മുടെ ഗുണഭോക്താക്കൾ എത്തിയാൽ എല്ലാ പദ്ധതികളും 24 : 7 ആയിമാറുന്ന ലോകോത്തര സംവിധാനമായി നമ്മുടെ പദ്ധതികൾ മാറും.

**തയ്യാറെടുപ്പുകൾ**

ഗുണഭോക്തൃ കുടുംബങ്ങളെ ബോധവത്ക്കരണ പ്രക്രിയയിലൂടെ സജ്ജരാക്കുക.

പൈപ്പ് ലൈനുകളിൽ ലീക്ക് ഇല്ലായെന്ന് ഉറപ്പ് വരുത്തുക

വാട്ടർ മീറ്ററുകൾ പ്രവർത്തന ക്ഷമമെന്ന് ഉറപ്പ് വരുത്തുക.

എല്ലാ വീട്ടിലും ടാപ്പ് തുറന്നാൽ തുല്യ അളവിൽ കുടിവെള്ളം ലഭിക്കുമെന്ന് ഉറപ്പ് വരുത്തുക

വെള്ളക്കരം മീറ്റർ റീഡിംഗ് അടിസ്ഥാനമാക്കി ഉപഭോഗതോത് അനുസരിച്ച് നിജപ്പെടുത്തുക.

മുഴുവൻ സമയവും (24 മണിക്കൂറും) ടാപ്പിൽ കുടിവെള്ളം ലഭ്യമാണെന്ന് ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുക.

ജല ദുരുപയോഗത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.

വാട്ടർ ഓഡിറ്റിങ്ങിന് സമിതികളെ സജ്ജരാക്കുക

**ഗുണങ്ങൾ സവിശേഷതകൾ**

എല്ലാ സമയത്തും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നു.

ആവശ്യാനുസരണം മാത്രം വെള്ളം ഉപയോഗിക്കുന്ന ശീലം ജനങ്ങളിൽ ഉണ്ടാക്കുന്നു.

എല്ലാ വീട്ടിലും ജലസംഭരണി എന്ന ആശയം ഒഴിവാക്കാൻ സാധിക്കുന്നു.

വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിക്കുന്നു.

സംതൃപ്തരായ ഗുണഭോക്താക്കളെ സൃഷ്ടിക്കാൻ സാധിക്കുന്നു.

കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥാവകാശവും കൂട്ടുത്തരവാദിത്വവും വർദ്ധിക്കുന്നു.

ജലഉപഭോഗം കുറയ്ക്കാൻ സാധിക്കുന്നു

അനാവശ്യമായി കുടിവെള്ളം പാഴാക്കുന്നത് തടയുവാൻ സാധിക്കുന്നു

പൈപ്പ് ലൈനുകളിൽ മർദ്ദവ്യതിയാനം മൂലം തകരാറുകൾ സംഭവിക്കാനുള്ള സാധ്യത കുറയുന്നു.

കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉയർത്താൻ സാധിക്കുന്നു.

അറ്റകുറ്റപ്പണികൾക്ക് വേണ്ടി വരുന്ന തുടർനടത്തിപ്പ് ചെലവ് കുറക്കാൻ സാധിക്കുന്നു.

കുടിവെള്ള പദ്ധതികളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

കുടിവെള്ളത്തിന് വേണ്ടിയുള്ള കാത്തിരിപ്പ്, ഉത്കണ്ഠ അവസാനിക്കുന്നു.

കുടിവെള്ള ലഭ്യത വർദ്ധിക്കുമ്പോൾ വെള്ളക്കരം പിരിക്കുന്നത് ആയാസരഹിതമാകുന്നു

കുടിവെള്ള പദ്ധതികളുടെ സാങ്കേതിക നിലനിൽപ്പ് ഉറപ്പുവരുത്തുന്നു.

**മുൻകരുതലുകൾ**

ഗുണഭോക്തൃ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

വേനൽക്കാലങ്ങളിൽ സ്രോതസ്സിലെ ജല ലഭ്യത അനുസരിച്ച് പമ്പിംഗ് ക്രമീകരിക്കേണ്ടിവരും.

ഗാർഹികാവശ്യത്തിനല്ലാതെ കാർഷിക വാണിജ്യാവശ്യങ്ങൾക്ക് ജലം ഉപയോഗിക്കാതിരിക്കുക

മോട്ടോർ അനുബന്ധ സാധനങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ജലസംഭരണിയിലെ ജലവിതാനം കണക്കിലെടുത്ത് പമ്പിംഗ് ക്രമീകരിക്കേണ്ടതാണ്.

ദുരുപയോഗം തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ കൃത്യമായി നിർവചിക്കുക.

ജലനിധി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ 24 : 7 എന്ന രീതിയിലേക്ക് മാറുമ്പോൾ ഇത് ജലവിതരണരംഗത്ത് വിപ്ലവകരമായ ഒരു തുടക്കമായിരിക്കും. ആയിരക്കണക്കിന് ചെറുതും വലുതുമായ പദ്ധതികൾ 24 മണിക്കൂറും ശുദ്ധമായ ജലം ലഭ്യമാക്കുന്ന അത്യപൂർവ്വമായ സാഹചര്യം ലോകത്തിന് മുൻപിൽ അവതരിപ്പിക്കാൻ കഴിയുന്നതിന്റെ നേട്ടവും അത് ഉണ്ടാക്കുന്ന അഭിമാനവും നമുക്ക് മാത്രമുള്ളതായിരിക്കും. കുടിവെള്ള വിതരണത്തിന്റെ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്ന ഉന്നതമായ ഈ ലക്ഷ്യത്തിലേക്ക് നമുക്ക് ഒരുമിച്ച് മുന്നേറാം. ●



# മറക്കില്ലൊരിക്കലും



**വിനോദ് കുമാർ**
സെക്രട്ടറി, പുലയനടുക്കം-കാളാമൂല ശുദ്ധ ജല വിതരണ സമിതി



**കു**ടിവെള്ളത്തിന് കുഴൽ കിണറുകളെ മാത്രം അഭയം പ്രാപിക്കുന്ന കാസർഗോഡ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ പുലയനടുക്കം പ്രദേശത്തിന് ഒരു തെളിനീർ ഉറവയ്ക്കുള്ള തുറന്ന കിണറിന് പറ്റിയ പ്രദേശം കണ്ടെത്തുക ഏറെ ശ്രമകരമായ ജോലി ആയിരുന്നു. സമിതിയുടെ പ്രവർത്തനം തന്നെ സ്രോതസ്സിൽ തട്ടി നിന്നു പോകുന്ന സാഹചര്യം വന്നിരുന്നു. അപ്പോഴാണ് സ്വന്തം സ്ഥലത്തെ വറ്റാത്ത നീരുറവ കാട്ടിത്തന്ന് ചെറൂട്ടി തമ്പായി അമ്മ ഈ നാടിന് കുടിനീർ കനിഞ്ഞ് നൽകിയത്. തന്റെ അനുജത്തിക്ക് കുടിവെള്ളത്തിന് നൽകാൻ ഉദ്ദേശിച്ച പ്രദേശം സമിതിക്ക് നൽകി ആ അമ്മ ഈ നാടിന് കുടിനീർ നൽകി അനുഗ്രഹിക്കുകയായിരുന്നു. ഈ നാടിന്റെ ലക്ഷ്മീദേവി ആവുകയായിരുന്നു. കൂടെ ഈ കുടിനീർ വിപ്ലവത്തിന് നേതൃത്വം നൽകാൻ ഈ നാടിന് പ്രിയപ്പെട്ട ഞങ്ങളുടെ കുഞ്ഞാരാണനും ആ അമ്മക്ക് ഒപ്പം നിന്നു. പ്രതിഷേധകാർക്കെതിരെ ഒരു മഹാമേരുവായി , ഒരു വൻ മതിലായി ,ഞങ്ങളുടെ ജിഹ്വയായ്.

എങ്കിലും ഇന്ന് ഈ നാടിന് ഒരു നോവുന്ന ഓർമ്മയാണ്. കുഞ്ഞാരാണൻ അദ്ദേഹത്തിന്റെ അകാല വിയോഗം. കുടിനീരിന് ദാഹിക്കുന്ന ഈ നാട്ടിലെ ജനതയ്ക്ക് വേണ്ടുവോളം അത് നൽകി കുഞ്ഞാരാണൻ എങ്ങോ യാത്രയായി. നക്ഷത്രങ്ങൾക്കിടയിൽ നിന്ന് അങ്ങ് കാണുന്നുണ്ടാകും, ഈ നാട്ടുകാർ അനുഭവിക്കുന്ന തെളിനീരിന് ഇവിടത്തുകാർ അങ്ങയോട് കടപ്പെട്ടിരിക്കുന്നത്. മറക്കില്ലൊരിക്കലും ഞങ്ങൾ നമിക്കുന്നു ആദരവോടെ...



**ആശാ ചെല്ലപ്പൻ,**
പ്രൊജക്ട് കമ്മീഷണർ

# കിനാനൂർ കരിന്തളത്തിന് കൈത്താങ്ങായി കാസർഗോഡ് പാക്കേജ്

**കാ**സർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിൽ രണ്ടാംഘട്ട ജലനിധിയിൽ ബാച്ച് 3 ൽ പദ്ധതി നടപ്പിലാക്കുന്ന ഗ്രാമ പഞ്ചായത്താണ് കിനാനൂർ കരിന്തളം. 69 ചതുരശ്ര കിലോമീറ്ററിൽ 6350 കുടുംബങ്ങൾ അധിവസിക്കുന്നതും ഭൂരിഭാഗവും ചെങ്കൽ പ്രദേശവുമാണ്. ഗ്രാമപഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് തേജസ്വിനി പുഴയുണ്ടെങ്കിലും ഉപ്പുരസം നിറഞ്ഞതിനാൽ കുടിവെള്ള യോഗ്യമല്ല. ധാരാളം ചെറു തോടുകൾ ഉണ്ടെങ്കിലും വേനൽക്കാലമാകുമ്പോഴേക്കും വറ്റി വരണ്ടു പോവുകയും ചെയ്യും. ഈ സാഹചര്യത്തിലാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തത്. ജലനിധി പദ്ധതിയുടെ ഭാഗമായി 33 കുടിവെള്ള പദ്ധതികളിലൂടെ 2731 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് 20.31 കോടിയുടെ പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയപ്പോൾ 15% ഗ്രാമപഞ്ചായത്ത് വിഹിതമായി 3.04 കോടി രൂപ നൽകേണ്ട സാഹചര്യം വന്നു ചേർന്നത് ഗ്രാമപഞ്ചായത്തിന് വലിയൊരു തലവേദനയായി മാറി. തനത് ഫണ്ട് വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. മേൽപ്പടി വിഷയവുമായി കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി രൂപം കൊടുത്ത കാസർഗോഡ് പാക്കേജിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിനായി ജില്ലാ ഭരണകൂടം വഴി അപേക്ഷിക്കുകയും ജലനിധി പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി അടക്കുന്നതിന് 1.28 കോടി രൂപ 2016-2017 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു. എന്നിരുന്നാലും ഗ്രാമപഞ്ചായത്തിന് പദ്ധതി പൂർത്തീ കരണത്തിനുള്ള ബാക്കി തുക കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനുള്ള ശ്രമത്തിലാണ് ഗ്രാമ പഞ്ചായത്ത്.



# അമൃത വർഷിണി

**എ.എസ്. സുകുമാരൻ നായർ**
വരദൂർ ബി.ജി, കണിയാമ്പറ്റ

വേഴാമ്പൽപോലെ ദാഹജലത്തിനായ്
കേഴും ജനത്തിന്
അമൃത വർഷിണി രാഗം പോലെ
ജീവന ജലനിധിതൻ ജലധാര
അനർഗ്ഗങ്ങളും പ്രവഹിക്കട്ടെയീ ഭൂമിയിൽ
പഞ്ചഭൂതാത്മകമാം ഭൂമിയെ
പ്രകൃതിതൻ നിയതിക്കു വിട്ടീടുക
പ്രബന്ധ സത്യങ്ങളെ പ്രകൃതി നിയമങ്ങളെ
മറികടന്നീടുവാൻ ശ്രമിയ്ക്കും മാനുഷ
നാളെ നീ കേഴും ദാഹജലത്തിനായ്
ഭൂമിയിലെ അമൃതമായ് സകലജീവജാലങ്ങൾക്കും
ജീവസന്ധാരണത്തിനത്യാവശ്യമാം
ശുദ്ധജലത്തെ മലീമസമാക്കാതെ
സംരക്ഷിക്കൂ മർത്യാ നാളെ തൻ തലമുറയ്ക്കായ്
ആരോയിന്നലെ ചെയ്തു കൂട്ടിയ പ്രകൃതി ചൂഷ
ണത്തിൽ
ഫലമെത്രയിന്നീ കുടിവെള്ള ക്ഷാമം
സ്വച്ഛമായൊഴുകുന്ന ജലസ്രോതസ്സുകളെ
പരിപാവനമായ് കാത്തുസൂക്ഷിച്ചീടുക
വരും തലമുറയ്ക്കായ്
ജലം അമൃതാണ് അമൂല്യമാണ്
അതു പാഴാക്കിക്കളയരുത്
അതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം
ഇന്നീ കാണും നദികളെ തടയണകൾ കെട്ടി
തടഞ്ഞു നിർത്തി പരിഹരിക്കുക
ഈ ജലക്ഷാമത്തെ....





# കളപ്പാത്തിക്കൊരു കഥപറയാനുണ്ട്

**ടോമി ജോസഫ്**, ടീം ലീഡർ ചെറുപുഴ

ചെറുപുഴ ടൗണിൽ നിന്ന് 4 കിലോമീറ്റർ കിഴക്ക് മാറി കൊട്ടത്തലച്ചി മല നിരകളുടെ അടിവാരത്തിൽ സ്ഥിതി ചെയ്യുന്ന ചെറു ഗ്രാമമാണ് കളപ്പാത്തി. ഫലഭൂയിഷ്ടമായ മേൽ മണ്ണിന്റെ താഴെ നിരപ്പായ കടുംപാറയുള്ള പ്രദേശമായതിനാൽ കിണർ കുഴിച്ചാൽ വെള്ളമില്ലാത്ത അവസ്ഥയാണ്. മഴ നിലച്ചാൽ ജല ക്ഷാമം ആരംഭിക്കുകയായി. പ്ലാസ്റ്റിക് കാനുകളിൽ നിറച്ചവെള്ളവുമായി ഇടവഴിയിൽ കൂടി ആയാസപ്പെട്ട് കടന്നു വരുന്ന ചെറുവണ്ടികൾ വേനൽകാലത്തെ സ്ഥിര കാഴ്ചയായിരുന്ന ഗ്രാമത്തിന്റെ ചിത്രം ഇന്ന് പാടേ മാറിയിരിക്കുന്നു. പ്രത്യേക ഗ്രാമസഭ വഴി കേട്ടറിഞ്ഞ പ്രകാരം ജലനിധി പദ്ധതിയുടെ കീഴിൽ 15 വീട്ടുകാർ ചേർന്ന് ഗുണഭോക്തൃസമിതി രൂപീകരിച്ചു. ആലോചന യോഗങ്ങൾ പല തവണ ചേർന്നു. (അന്വേ ഷണങ്ങൾ പലതും നടന്നു) പഞ്ചായത്തിലെ മറ്റു സമിതികൾ കിണർ നിർമ്മാണം ആരംഭിച്ചിട്ടും സ്രോതസ്സ് കണ്ടെത്താൻ കഴിയാത്തതിനാൽ പ്രവർത്തനം നിർത്തുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ ചേർന്ന യോഗത്തിൽ വെളിപാടുപോലെ ഒരുകാര്യം ആരോ മുന്നോട്ടു വെച്ചു, വർഷങ്ങൾക്കു മുൻപ് ജലസേചന ആവശ്യത്തിനു വേണ്ടി സർക്കാർ ഫണ്ട് ഉപയോഗിച്ച് കുഴിച്ച കുഴൽകിണർ പണി പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട നിലയിൽ ഉണ്ടല്ലോ! എല്ലാവരും ഉഷാറായി കുഴൽ കിണർ പരിശോധിച്ചു, പരിസരം വൃത്തിയാക്കി. വിദഗ്ദ്ധരുടെ നിർദ്ദേശപ്രകാരം ജലലഭ്യത പരിശോധന നടത്തുകയും 11 കുടുംബങ്ങൾക്കാവശ്യമായ വെള്ളമുണ്ടെന്ന് ബോധ്യമാവുകയും ചെയ്തു . പഞ്ചായത്തിൽ നിന്ന് സ്രോതസ്സിന്റെ ഉടമസ്ഥാരേഖകൾ വാങ്ങുകയും കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന മേലുത്താന്നി ഭാഗത്തുള്ള നാലു കുടുംബങ്ങളെ മറ്റൊരു സമിതിയിലേക്ക് മാറ്റുകയും ചെയ്തു . ബാക്കിയുള്ള 11 കുടുംബങ്ങളുടെ കൂട്ടായ്മയിൽ ദ്രുതഗതിയിൽ പദ്ധതി പൂർത്തിയാക്കി. പഞ്ചായത്ത് തലത്തിൽ ഏറ്റവും ഒടുവിൽ പണി തുടങ്ങി മൂന്നാമതായി കമ്മീഷൻ ചെയ്ത പദ്ധതിയായി ഇത് മാറി. സമിതിയുടെ യോഗങ്ങൾ ഗുണഭോക്തൃ വീടുകൾ തോറും ചേരുന്നത് അയൽപക്ക കൂട്ടായ്മ വളർത്തുകയും ചെയ്തു. ഒരു വീട്ടിൽ നിന്ന് ഒരാൾക്ക് എന്ന തോതിൽ 11 പമ്പ് ഓപ്പറേറ്റർമാർക്ക് പരിശീലനം നൽകുകയും, ഒരോരുത്തരും ഒരുമാസം ഊഴമനുസരിച്ച് പമ്പ് ഓപ്പറേറ്ററായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഒത്തു ചേർന്ന് രൂപീകരിച്ച സമിതി ഇന്നു 11 കുടുംബങ്ങളുടെ കൂട്ടായ്മയായി സജീവമായി പ്രവർത്തിക്കുന്നു. ●

# അടുക്കത്ത് ഗുരിയിലെ പെൺക്കൂട്ടായ്മ





**ലിജി**, ടീം ലീഡർ, ബെള്ളൂർ

ജലദൗർലഭ്യത്തിന്റെ സഹനപാത്രങ്ങളായ ഒരുകൂട്ടം സ്ത്രീകളുടെ കൂട്ടായ്മ (ഗുണഭോക്തൃസമിതി), അതാണ് ജലനിധി മീഞ്ച ഗ്രാമപഞ്ചായത്തിലെ പുനരുദ്ധാരണ പദ്ധതിയായ അടുക്കത്ത് ഗുരി കുടിനീർയോജന. 39 അംഗങ്ങളുടെ സംഘടനാപാടവവും അതിൽ 9 ഭാരവാഹികളുടെ നേതൃപാടവവുംകൊണ്ട് കഴിഞ്ഞ പതിനഞ്ച് വർഷങ്ങളായി കുടിവെള്ള വിതരണത്തിനായി പ്രവർത്തിച്ച് വരുന്നു. 9 സ്ത്രീകളുടെ നേതൃപാടവത്തിൽ എല്ലാ വീടുകളിലും കൃത്യമായി വെള്ളം വിതരണം നടത്തുകയും മാസവരിസംഖ്യ പിരിക്കുകയും സമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്തുവരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി സ്രോതസ്സിലുള്ള ജലപരിമിതികാരണം വീടുകളിൽ കൃത്യമായി ജലം എത്തിക്കാൻ കഴിയാത്തൊരു സാഹചര്യം നിലവിൽ വരികയും തുടർന്നു പദ്ധതി പുനരുദ്ധാരണത്തിനായി ജലനിധിയിൽ അപേക്ഷ നല്കുകയും ചെയ്തു. തുടർന്ന് ജലനിധിവഴി 6,38,500 രൂപയുടെ പദ്ധതി അടങ്കൽ തുകയിൽ പുതിയ സ്രോതസ് നിർമ്മിച്ചു നല്കുന്നതോടൊപ്പം വിതരണ ശൃംഖലയിൽ അറ്റകുറ്റപ്പണി നടത്തിക്കൊടുക്കുകയും മറ്റു കുടുംബാംഗങ്ങളുടെ കുടിവെള്ള ക്ഷാമത്തിനുള്ള പരിഹാരം കാണുകയും ചെയ്തു.

ഭാരവാഹികളുടെ കൃത്യമായ നേതൃത്വവും അംഗങ്ങളുടെ അവസരോചിതമായ ഇടപെടലും അതോടൊപ്പം തന്നെ എല്ലാ മാസവും കൃത്യം 29-ാം തീയതി നടക്കുന്ന മീറ്റിംഗും, മാസവരി സംഖ്യ പിരിവും, ഉത്തരവാദിത്തങ്ങൾ ഓരോ മാസം ഓരോ അംഗങ്ങളെ ഏൽപ്പിക്കുന്നതോടൊപ്പം പമ്പ് ഓപ്പറേറ്റർ ജോലിപോലും സമിതിയിലെ ഓരോ അംഗങ്ങൾ ഓരോ മാസവും ഏറ്റെടുക്കുന്നു. പെൺമനസിന്റെ കൂട്ടായ്മയും കൂട്ടായ ഉത്തരവാദിത്വബോധവും എല്ലാ ഗുണഭോക്താക്കളുടേയും ചുണ്ടിൽ ചിരിമായാതെ നിർത്തുന്നു. ശ്രീമതി ലതാദേവിയുടെ നേതൃത്വത്തിൽ മുൻപോട്ടു പോകുന്നു ഈ പെൺകൂട്ടായ്മ. ●

## വായനക്കാരുടെ പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ iecrpmuknr@gmail.com, mcdknr@gmail.com എന്നിവയിലേക്ക് അയക്കുക.**

കടുത്ത കുടിവെള്ളക്ഷാമത്തെ അതിജീവിക്കാൻ ശ്രീ. ജോർജ്ജ് മാത്യു സാർ എഴുതിയ 'ഇത്തിരി ശ്രദ്ധ ഒത്തിരി നേട്ടം' എന്ന കുറിപ്പ് വളരെയേറെ ഉപകാരപ്രദമായിരുന്നു. തുടർന്നും ഇത്തരം സൃഷ്ടികൾ പ്രതീക്ഷിക്കുന്നു.

**ശ്രീഷ ജയകുമാർ**
അക്കൗണ്ടന്റ്, പൂതാടി

ജലതരംഗം ഓരോ ലക്കവും കൂടുതൽ ആകർഷകമാകുന്നുണ്ട്. വിജ്ഞാനപ്രദമായ സൃഷ്ടികൾക്കൊപ്പം അൽപം വിനോദം കൂടി ചേർക്കുന്നത് വായനാവിരസത ഒഴിവാക്കാൻ സഹായിക്കും.

**സുകുമാരി**
ടീം ലീഡർ, കിനാനൂർ കരിന്തളം

## ജലദൃഷ്ടി



# സമ്പൂർണ്ണ ശുചിത്വയജ്ഞത്തിൽ ജലനിധിയും



സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 3 ദിവസത്തെ ശുചീകരണ പരിപാടിയിൽ ജലനിധി കുടുംബാംഗങ്ങളും പങ്കാളികളായി. ജൂൺ 27-ന് ഗാർഹിക പരിസര ശുചീകരണത്തിനും ജൂൺ 28-ന് പൊതു സ്ഥല ശുചീകരണവുമാണ് RPMU കണ്ണൂർ ആഹ്വാനം ചെയ്തത്. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലുള്ള 50,000 ത്തോളം കുടുംബാംഗങ്ങൾ ഈ യജ്ഞത്തിൽ പങ്കാളികളായി.

स्वच्छ भारत

एक कदम स्वच्छता की ओर

## ജൂൺ 5 പരിസ്ഥിതിദിനാഘോഷം



ലോകപരിസ്ഥിതിദിനാഘോഷം വിവിധപരിപാടികളോടെ എല്ലാ ജലനിധിപഞ്ചായത്തിലും ആഘോഷിച്ചു. വൃക്ഷത്തൈനടീൽ, ക്ലാസ്സുകൾ, സെമിനാറുകൾ റാലി, കലാപരിപാടികൾ മുതലായവ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്തുതലങ്ങളിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.





# വേണം നമുക്കൊരു വേറിട്ട ശുചിത്വബോധം

**വിനോദ് കുമാർ പി.എസ്.**, ടീം ലീഡർ, പുൽപ്പള്ളി

നാം കാഴ്ചയിൽ വൃത്തിയുള്ളവരാണ്. മനോഹരമായി വസ്ത്രധാരണം നടത്തുന്നവരാണ്. സമൂഹത്തിലെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവരും. വലിയ വലിയ വാക്കുകൾ സംസാരിക്കുന്നവരുമാണ്. എന്നാൽ, നാം വസിക്കുന്ന വീടും പരിസരവും അധിവസിക്കുന്ന ഈ സമൂഹവും എത്രമാത്രം ശുചിത്വമുള്ളതാണെന്ന് ചിന്തിച്ചിട്ടുണ്ടോ? നമ്മുടെയൊക്കെ ഭവനങ്ങളുടെ പിന്നാമ്പുറങ്ങളിലേക്ക് പോകുവാൻ പോലുമാവില്ല. അവിടെയൊക്കെ ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും അഴുകാത്ത മറ്റു ഖരമാലിന്യങ്ങളും ബാത്ത്റൂമുകളിൽനിന്നും, അടുക്കളയിൽ നിന്നുമൊക്കെ വരുന്ന മലിനജലവും കൊണ്ട് ഈച്ചയാർക്കുന്ന അവസ്ഥയാണ്. ഓരോ തവണയും സാധനസാമഗ്രികൾ വാങ്ങുമ്പോൾ ലഭിക്കുന്ന പ്ലാസ്റ്റിക് കവറുകളും നാം അവിടവിടെ കൂട്ടിയിടുകയും കുറെയൊക്കെ കത്തിക്കുകയും ചെയ്യുന്നു. ഈ മാലിന്യങ്ങൾ അവസാനം ചെന്നെത്തുന്നത് നമ്മുടെ ജലസ്രോതസ്സുകളിലേക്കാണ്. അങ്ങനെ ശുചിത്വബോധമില്ലാത്ത തലമുറയായി നാം അധഃപതിച്ചിരിക്കുന്നു. നമ്മുടെ വീടുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന ജൈവാവശിഷ്ടങ്ങളെയും അജൈവാവശിഷ്ടങ്ങളെയും ഫലപ്രദമായി സംസ്ക്കരിക്കുവാനും പരിപാലിക്കുവാനുമുള്ള ഒരു സംസ്കാരം നാം രൂപപ്പെടുത്തേണ്ടതുണ്ട്.

ചിതറിക്കിടക്കുന്ന ഇത്തരം മാലിന്യങ്ങൾ നമ്മുടെ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന അപകടാവസ്ഥ ഭീകരമാണ്. അവ വായുവിലും, മണ്ണിലും ജലത്തിലും കലരുമ്പോൾ ക്യാൻസർപോലെ മാരകമായ രോഗങ്ങൾ ക്ഷണിക്കപ്പെടുകയാണ്. “ഞാൻ മാത്രം നോക്കിയിട്ട് സമൂഹം നന്നാവുമോ എന്ന് ദയവായി ചിന്തിക്കരുത്. കാരണം, നാമൊക്കെ ചേരുന്നതാണ് ഈ സമൂഹം. സമൂഹത്തിന് സ്വന്തമായി അസ്ഥിത്വമില്ല. അതിൽ വസിക്കുന്ന ഓരോ ആളുകളുടേയും വ്യക്തിത്വമാണ് സമൂഹത്തിന്റേത്.

വൃത്തിയും വെടിപ്പുമുള്ള തോടുകളോ, പുഴകളോ ഇന്ന് എവിടെയും കാണാനില്ല. എല്ലാം മാലിന്യമയം. ഒരറപ്പുമില്ലാതെ നാം അതിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നു. സമൂഹത്തിലെ ഓരോ വ്യക്തിയും ശുചിത്വബോധമുള്ളവനായി മാറിക്കൊണ്ട്, മണ്ണിനെയും, ജലത്തെയും, അന്തരീക്ഷത്തേയും സംരക്ഷിക്കുന്ന ഒരു പുതിയ വിപ്ലവത്തിന് നാന്ദി കുറിക്കണം.

ഓർക്കുക നാം ഈ ഭൂമിക്ക് അധികപ്പറ്റാണ്. ഇവിടെ ജീവിക്കുന്ന, ഒരു പുൽക്കൊടിക്കോ, ഉറുമ്പിനോ, ചിതലിനോപോലും മനുഷ്യനെ ആവശ്യമില്ല. എന്നാൽ, മനുഷ്യന് ഇവിടെ ജീവിക്കണമെങ്കിൽ ഇതെല്ലാം കൂടിയേ തീരൂ....


**എഡിറ്റർ**

**ഹൈദർ അലി ടി. പി**
റീജിയണൽ പ്രോജക്ട് ഡയറക്ടർ

**എഡിറ്റോറിയൽ ബോർഡ്**

**രാഹുൽ യു. എസ്.**
ഡപ്യൂട്ടി ഡയറക്ടർ (ഐ.ഇ.സി.)

**ജോർജ്ജ് മാത്യു**
മാനേജർ (കമ്മ്യൂണിറ്റി ഡവലപ്മെന്റ്)

**രാജേഷ് അന്തോളി**
(അക്കൗണ്ട്സ് ഓഫീസർ)

**ഉപദേശക സമിതി**

**സലീം** (ഡയറക്ടർ (എഫ്. & എ.)
**മോഹൻ കെ.** (ഡയറക്ടർ ടെക്നിക്കൽ)
**മോഹൻകുമാർ വി. എൽ.**
(ഡയറക്ടർ ഓപറേഷൻസ്)
**അരുൺരാജ് എസ്.**
(ഡയറക്ടർ എം.& ഇ.)
**പ്രേംലാൽ എം.**
(ഡയറക്ടർ എച്ച്.ആർ.ഡി.)

**പ്രസിദ്ധീകരണ ഏകോപനം**

**എ. യോഹന്നാൻ**
ട്രൈബൽ ഡവലപ്മെന്റ് സ്പെഷലിസ്റ്റ്
& ഐ.ഇ.സി (ഇൻചാർജ്ജ്)


ജലതരംഗം ദ്വൈമാസികയുടെ തുടർന്നുവരുന്ന പ്രസിദ്ധീകരണങ്ങൾക്ക് ക്രിയാത്മകവും ആകർഷകവുമായ സൃഷ്ടികൾ ക്ഷണിക്കുന്നു.
സൃഷ്ടികൾ iecrpmuknr@gmail.com
എന്ന ഇ-മെയിൽ അഥവാ
ദി എഡിറ്റർ,
ജലതരംഗം ദ്വൈമാസിക, ജലനിധി,
2nd Floor, Bldg. No. III/253, Near AKG Hospital
Thalap, Kannur - 670 002. Ph: 0497 - 2707601
എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

www.jalanidhi.kerala.gov.in


Published by: Mr. Chandran. V, Regional Project Director, Regional Project Management Unit, Kerala Rural Water Supply and Sanitation Agency (KRWSA)
2nd Floor, Bldg No. III/253, Near AKG Hospital, Thalap, Kannur - 670 002, Phone : 0497 2707601 | E-mail : rpmukannur@gmail.com
www.jalanidhi.kerala.gov.in. Printed: Midas Printers, Kakkad Road, South Bazar, Kannur. Ph: 0497 2713655, 9447484821



MIDAS® KANNUR / 0497 2713655, 9447484821